# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി11-198/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി11-198/2023 തീയ്യതി: 25/03/2023

## കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 02-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-01-2023 | 02-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ രാജേഷ് എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി. എസ്. സജിമോൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഇ. എസ്. കൃഷ്ണകുമാർ | സെക്രട്ടറി | 23-04-2021 | 19-12-2021 |
| | | 31-12-2021 | 31-01-2022 |
| | | 15-02-2022 | 13-03-2022 |
| സിന്ധുമോൾ കെ. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 22-04-2021 |
| | | 20-12-2021 | 30-12-2021 |
| | | 01-02-2022 | 14-02-2022 |
| പ്രദീപ് പി.ജി | സെക്രട്ടറി | 14-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു കെ. മാത്യൂ | കൃഷി ഓഫീസർ | 01-04-2021 | 11-06-2021 |
| യമുന ജോസ് | കൃഷി ഓഫീസർ | 12-06-2021 | 05-10-2021 |
| വേണുഗോപാൽ പി. ആർ. | കൃഷി ഓഫീസർ | 06-10-2021 | 07-10-2021 |
| ആർദ്ര ആൻ പോൾ | കൃഷി ഓഫീസർ | 08-10-2021 | 31-03-2022 |
| ഡോ. നെൽസൺ എം. മാത്യൂ | വെറ്റിനറി സർജൻ | 01-04-2021 | 03-12-2021 |
| ഡോ. അഞ്ജു എലിസ് ബെൻ | വെറ്റിനറി സർജൻ | 04-12-2021 | 31-03-2022 |
| ഡോ. പ്രസൂൺ മാത്യൂ | മെഡിക്കൽ ഓഫീസർ(CHC) | 01-04-2021 | 12-04-2021 |
| ഡോ. രഞ്ജിനി ജോൺസൺ | മെഡിക്കൽ ഓഫീസർ(CHC) | 13-04-2021 | 06-02-2022 |
| ഡോ. റീബി തോമസ് | മെഡിക്കൽ ഓഫീസർ(CHC) | 07-02-2022 | 31-03-2022 |
| പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ആൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കൂട്ടിക്കൽ) | 01-04-2021 | 16-10-2021 |

| | | | |
|---|---|---|---|
| പദ്മകുമാർ പി. ജി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുട്ടിക്കൽ) | 17-10-2021 | 31-03-2022 |
| ഗീതാ പി. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| അനിൽകുമാർ കെ. | ഹെഡ്മാസ്റ്റർ - ഗവ. എൽ.പി.എസ്.-പ്ലാപ്പള്ളി | 01-04-2021 | 31-03-2022 |
| അജീഷ് കെ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2021 | 31-03-2022 |
| കണ്ണൻ എസ്. പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| സിന്ധുമോൾ കെ. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ-അവലോകനം | 1-11 |
| 12 | പ്രളയത്തിൽ സ്റ്റോക്ക് രജിസ്റ്റർ നഷ്ടപ്പെട്ടതിന് ശേഷമുള്ള രസീതുകളുടെ വിനിയോഗം | 1-12 |
| 13 | പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ മുന്നിരിപ്പ് വിശദാംശമില്ല | 1-13 |
| 14 | റിലയൻസ് മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക - തുക കുടിശിക ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-14 |
| 15 | ധനകാര്യ സ്ഥാപനത്തെ തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി | 1-15 |
| 16 | പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 17 | വാടക നടപടിക്രമങ്ങൾ- പൊതു അപാകതകൾ | 1-17 |
| 18 | പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-18 |
| 19 | ആവശ്യകതയും ഫലപ്രദമായ നടത്തിപ്പും ഉറപ്പ് വരുത്താതെ പ്രോജക്റ്റ് നിർവഹണം-12.60 ലക്ഷം രൂപ പാഴ്ചെലവ് | 1-19 |
| 20 | പാലിനു സബ്സിഡി -അധിക തുക തിരികെ ഈടാക്കിയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-20 |
| 21 | അമൃതം ന്യൂട്രിമിക്സ് അധികം നല്കിയ തുക തിരികെ ഈടാക്കി | 1-21 |
| 22 | തുക നല്കി മാസങ്ങൾ കഴിഞ്ഞിട്ടും പ്രിന്റർ ലഭിച്ചിട്ടില്ല | 1-22 |
| 23 | ഹയർ സെക്കന്ററി തുല്യതാ കോഴ്സ്-സാക്ഷരതാമിഷനിൽ നിന്ന് വിവരങ്ങൾ ലഭ്യമായില്ല | 1-23 |

| | | |
|---|---|---|
| 24 | കുട്ടിക്കൽ-പ്രളയ പുനരധിവാസപ്രവർത്തനങ്ങൾ | 1-24 |
| 25 | പ്രവൃത്തി പൂർത്തീകരണം/തുകയുടെ വിനിയോഗ വിവരം ഇല്ല | 1-25 |
| 26 | ലൈഫ് ഭവനപദ്ധതി - നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21/03/2022 തീയതിയിലെ 17(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും 2021-22 ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 7,682,865/- | 9,680,302/- |
| വരവ് | 168,783,319/- | 67,432,930/- |
| ആകെ | 176,466,184/- | 77,113,232/- |
| ചെലവ് | 171,179,700/- | 63,530,607/- |
| നീക്കിയിരിപ്പ് | 5,286,484/- | 13,582,625/- |

ബജറ്റ് പ്രകാരം 16.88കോടി രൂപയുടെ പ്രതീക്ഷിത വരവും 17.12 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 13.26 കോടി രൂപയും ചെലവ് 13.5 കോടി രൂപയുമാണ്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയത് യഥാർത്ഥ കണക്കുകളുമായി വലിയ അന്തരത്തിലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിലുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്ന രീതിയിൽ കൃത്യമായി കണക്കാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബജറ്റ് മുന്നൊരുക്കം നടത്തേണ്ടതാണ്. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ പത്രികകളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 132,613,571/- രൂപയും ചെലവ് 134,952,321/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 2,338,750/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 73,033,845/- രൂപയും ബാധ്യതകളുടെ മൂല്യം 66,173,271/- രൂപയും ജനറൽ ഫണ്ട് 6,860,574/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമായില്ല.
2. 31/03/2022 ബാലൻസ് ഷീറ്റ് 320100999-Other Liabilities ശീർഷകത്തിലുള്ള 12,434/- രൂപ നീക്കിയിരിപ്പ് ഏതിനം ഫണ്ടാണ് എന്ന് വ്യക്തമല്ല.
3. Auction Deposit ശീർഷകത്തിലെ 48,350/- രൂപ Rent Deposit ആയി ലഭിച്ചതാണ് എന്ന് ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അക്കൗണ്ടിങ്ങ് അപാകത മൂലം 31/03/2022 ലെ Rent Deposit ശീർഷകത്തിലെ നീക്കിയിരിപ്പിൽ അപാകത നിലനിൽക്കുന്നു.
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 350410102, 350410301 ശീർഷകങ്ങളിലെ യഥാക്രമം തൊഴിൽ നികുതി, ലൈസൻസ് ഫീസ് അക്രുവൽ വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെയും 31/03/2022 ലെ നീക്കിയിരിപ്പിന്റെയും

വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല. മുൻവർഷങ്ങളിൽ തൻവർഷത്തേക്കായി ലഭിച്ച നികുതി/നികുതിയേതര വരവുകൾ 2021-22 വർഷത്തേക്കുള്ളത് മുഴുവനായും ക്രമീകരിക്കപ്പെട്ടോ എന്നതിൽ വ്യക്തതയില്ല.

6. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) അക്കൗണ്ട് ചെയ്തിട്ടില്ല.
7. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന എഞ്ചിനീയറിങ്ങ് പ്രോജക്ടു ചെലവുകൾ റവന്യൂ ചെലവുകളായിട്ടാണ് അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇപ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകത മൂലം പഞ്ചായത്തിന്റെ യഥാർത്ഥ ധനകാര്യ സ്ഥിതി(Financal Position) ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.
8. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ പാർട്ട് ബിൽ, ഫൈനൽ ബിൽ ക്രമീകരണത്തിന്റെ കൃത്യത വ്യക്തമല്ല.
9. വസ്തുനികുതി കുടിശിക ഡിമാന്റിലുണ്ടായിരുന്ന 121,562/- രൂപ Pror Period ഇനമായി ക്രമീകരിച്ചതിന് Notes On Account ആയി ലഭ്യമാക്കിയെങ്കിലും പ്രസ്തുത ക്രമീകരണത്തിന് അടിസ്ഥാനമായ രേഖകളില്ല.
10. 2021-22 വർഷം വാടക ഇളവ് ഒഴിവാക്കിയാണ് ഡിമാന്റ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഡിമാന്റ് അക്കൗണ്ട് ചെയ്തശേഷം ഇളവ് ക്രമീകരിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.
11. ക്യാമ്പ് കളക്ഷൻ തുക 431910201-Outdoor Collection Control Account ശീർഷകത്തിൽ വരവായി ലഭിക്കുന്നത് ഡിമാന്റിനനുസരിച്ച് പോസ്റ്റ് ചെയ്യുന്നത് ചെലവായി അക്കൗണ്ട് ചെയ്യപ്പെടുന്നു. ഡിമാന്റിനനുസരിച്ച് പോസ്റ്റ് ചെയ്യുന്ന തുക ജേർണൽ വൗച്ചറിലൂടെ ക്രമീകരിക്കപ്പെടുകയാണ് ചെയ്യേണ്ടിയിരുന്നത്. 8,872/- രൂപ ചെലവായി RP-45 ഷെഡ്യൂളിലും പ്രതിഫലിക്കുന്നു.
12. പ്രോജക്ട് നം.211/22 അങ്കണവാടികളിൽ ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കൽ ചെലവ് 46,580/- രൂപ ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
13. കുടുംബശ്രീ ചലഞ്ച് ഫണ്ട് 1,332,900/- രൂപ ലഭിച്ചത് കുടുംബശ്രീക്ക് കൈമാറിയത് ഗ്രാന്റ് തിരിച്ചടവായി അക്കൗണ്ട് ചെയ്തിരിക്കുന്നു(RP-30).
14. ഭൂജല വകുപ്പിൽ പ്രോജക്ട് നം.111/22 പ്രകാരം നിക്ഷേപിച്ച 2.31 ലക്ഷം രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500204 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
15. തൊഴിലുറപ്പ് പദ്ധതി മുൻകൂർ നൽകിയത് 2021-22 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചത് 355,871/- രൂപ 460100103-Temporary Advance For Official Purposes ശർഷകത്തിലും 286,210/- രൂപ 460509901-Advance To Others ശീർഷകത്തിലും അക്കൗണ്ട് ചെയ്തിരിക്കുന്നു. ടി തിരിച്ചടവ് തുകകൾ 460500801 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
16. തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ളത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി 2022-23 വർഷം തന്നെ പരിഹരിക്കേണ്ടതാണ്. കണക്കുകൾ കൃത്യമാക്കുന്നതിന് അക്കൗണ്ട് ചെയ്യുന്ന ജേർണൽ വൗച്ചറുകളുടെ വിശദാംശങ്ങൾ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സെക്രട്ടറി കൃത്യമായി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ വരവ്, ചെലവ് ,ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9,680,302/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67,432,930/- |
| ആകെ | 77,113,232/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63,530,607/- |
| നീക്കിയിരിപ്പ് | 13,582,625/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,547,951/- |

## 1-4 ഗ്രാന്റ് വിനിയോഗം

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. ധനകാര്യ പത്രിക പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയവും ചുവടെ വിവരിക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 15,673,144/- | 15,673,144/- | 15,629,000/- | 44,144/- | 99.72 |
| വികസന ഫണ്ട്- SCSP | 0 | 4,523,040/- | 4,523,040/- | 4,204,000/- | 319,040/- | 92.95 |
| വികസന ഫണ്ട്- TSP | 0 | 587,900/- | 587,900/- | 527,000/- | 60,900/- | 89.64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 3,174,144/- | 3,174,144/- | 2,936,517/- | 237,627/- | 92.51 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 6,008,458/- | 6,008,458/- | 3,979,666/- | 2,028,792/- | 66.23 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 6,262,000/- | 6,262,000/- | 4,139,326/- | 2,122,674/- | 66.10 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4,871,072/- | 4,871,072/- | 3,419,283/- | 1,451,789/- | 70.20 |
| TSC ഗ്രാന്റ് | 11,721/- | 0 | 11,721/- | 11,721/- | 0 | - |
| ICDS ഫണ്ട് | 635,483/- | 660,701/- | 1,296,184/- | 474,546/- | 821,638/- | - |
| സാക്ഷരത ഗ്രാന്റ് | 2,970/- | 109/- | 3,079/- | 0 | 3,079/- | - |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 2,576,808/- | 870,457/- | 3,447,265/- | 2,986,365/- | 460,900/- | - |
| കുടുംബശ്രീ ഗ്രാന്റ് | 0 | 550,000/- | 550,000/- | 0 | 550,000/- | - |
| ജലനിധി ഗ്രാന്റ് | 1,796,737/- | 6,216,092/- | 8,012,829/- | 3,595,000/- | 4,417,829/- | - |
| Total Sanitation | 15,000/- | 0 | 15,000/- | 0 | 15,000/- | - |
| ലൈഫ് സ്റ്റേറ്റ് ഫണ്ട് | 1,265,795/- | 1,822,039/- | 3,087,834/- | 1,580,000/- | 1,507,834/- | - |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 0 | 1,332,900/- | 1,332,900/- | 0 | 1,332,900/- | - |
| കോവിഡ് DCC ഫണ്ട് | 100,000/- | 0 | 100,000/- | 100,000/- | 0 | - |
| പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ് | 25,000/- | 74,997/- | 99,997/- | 91,175/- | 8,822/- | - |
| പ്രളയ ഫണ്ട് | 0 | 300,000/- | 300,000/- | 300,000/- | 0 | - |
| ഗുണഭോക്തൃ വിഹിതം | 109,957/- | 959,269/- | 1,069,226/- | 1,064,185/- | 5,041/- | - |
| മറ്റ് ഗ്രാമപഞ്ചായത്ത് പ്രളയ ധനസഹായം | 0 | 1,850,000/- | 1,850,000/- | 858,467/- | 991,533/- | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 35,319/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 15,629,000/- | 44,144/- | 15,673,144/- | 216/22-350,400/-<br>217/22-350,400/-<br>230/22-350,400/-<br>206/22-146,667/-<br>209/22-1,239,333/-<br>231/22-1,309,629/- | 11,926,315/- |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ-3,746,829/- | |
| വികസന ഫണ്ട്-SCSP | 4,204,000/- | 319,040/- | 4,523,040/- | 208/22-88,000/-<br>210/22-198,000/-<br>232/22-215,704/-<br>ആകെ-501,704/- | 4,021,336/- |
| വികസന ഫണ്ട്-TSP | 527,000/- | 60,900/- | 587,900/- | ഇല്ല | 587,900/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4,818,000/- | 17,753/-<br>35,319/- | 4,871,072/- | ഇല്ല | 4,871,072/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 6,262,000/- | ഇല്ല | 6,262,000/- | ഇല്ല | 6,262,000/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 2,910,000/- | 201,304/-<br>62,840/- | 3,174,144/- | ഇല്ല | 3,174,144/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 4,365,000/- | 1,643,458/- | 6,008,458/- | ഇല്ല | 6,008,458/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും (SBI അക്കൗണ്ട് നം.38340243321) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. 2021-22 വർഷത്തെ ഇ-ഗ്രാമസ്വരാജ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ധനകാര്യ 62,840/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ വരവായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
4. TSC ഫണ്ട്, ശുചിത്വ മിഷൻ ഗ്രാന്റ്, Total Sanitation എന്നീ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും 2021-22 വർഷത്തെ വിനിമയം സൂചിപ്പിക്കുന്ന ധനകാര്യ പത്രികയിലെ കണക്കുകൾ സുലേഖ ചെലവു പത്രികയിലെ കണക്കുകളുമായും പഞ്ചായത്തിലെ എ.സി.ആർ. പ്രകാരമുള്ള കണക്കുമായും പൊരുത്തപ്പെടുന്നില്ല.
5. ലൈഫ് സ്റ്റേറ്റ് ഫണ്ട്, കുടുംബശ്രീ ചലഞ്ച് ഫണ്ട്, കോവിഡ് DCC ഫണ്ട് എന്നീ മൂന്ന് ഫണ്ടുകൾ 320300199 എന്ന ഒറ്റ കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ILGMS-ൽ ഓരോ ഫണ്ടുകൾക്കും പ്രത്യേകം കണക്ക് ശീർഷകം ലഭ്യമായിരിക്കെ ഓരോ ഫണ്ടുകളും അതാത് പേരിലുള്ള ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണസമിതി യോഗം 30-01-2021ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 01-02-2021 ലും പദ്ധതിരൂപീകരണ ഗ്രാമസഭകൾ

05-02-2021 മുതൽ 07-02-2021 വരെയും നടക്കകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 12-02-2021 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. 21-03-2022ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 24-03-2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 195 | 175 | 98990196 | 47006144 | 47.48 |

അംഗീകാരം ലഭിച്ച 195 പ്രോജക്ടുകളിൽ 175 എണ്ണം നടപ്പിലാക്കി. ഇവയിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം യഥാക്രമം 33 ഉം 31 ഉം ആണ്. പ്രോജക്ടുകൾ തയാറാക്കുന്നതിലും അംഗീകാരം വാങ്ങുന്നതിലും ശരിയായ ആസൂത്രണമില്ലായ്മയും മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിൽ പാളിച്ചകൾ ഉള്ളതായുമാണ് അംഗീകാരം വാങ്ങിയ പ്രോജക്ടുകൾ മുഴുവൻ നടപ്പിലാക്കാൻ സാധിക്കാത്തതിൽ നിന്ന് വ്യക്തമാകുന്നത്.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വേറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 8 | 1739580 | 1735826 |
| 2 | വെറ്ററിനറി സർജൻ | 11 | 11 | 3987799 | 3985819 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 7 | 7 | 1196000 | 1159508 |
| 4 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 1329601 | 1132880 |
| 5 | വി.ഇ.ഒ, | 17 | 16 | 53839161 | 8821938 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 3731850 | 3625206 |
| 7 | സെക്രട്ടറി | 47 | 41 | 13982261 | 12189999 |
| 8 | ഹെഡ് മാസ്റ്റർ | 3 | 3 | 52500 | 50900 |
| 9 | അസി.എൻജിനീയർ | 82 | 69 | 17304740 | 12653960 |
| 10 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 450000 | 450000 |
| 11 | അസി.സെക്രട്ടറി | 9 | 9 | 1376704 | 1200108 |
| | | 195 | 175 | 98990196 | 47006144 |

13ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ ,സാമൂഹ്യനീതി ,സാമ്പത്തികവളർച്ച എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വാർഷികപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളുമായി ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും ആയതിന് പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല. കാലാകാലങ്ങളായി

നടപ്പിലാക്കിവരുന്നവയല്ലാതെ വൈവിദ്ധ്യപൂർണ്ണമായ പ്രോജക്ടുകൾ വാർഷികപദ്ധതിയിൽ ഏറ്റെടുത്തിരുന്നില്ല. 2021 ഒക്ടോബർ മാസത്തിൽ പഞ്ചായത്തിലുണ്ടായ ഉരുൾ പൊട്ടലും പ്രളയവും കോവിഡും വാർഷികപദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത 82 പ്രോജക്ടുകളിൽ 69 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ കനത്ത നാശം വിതച്ച 16-10-2021 തീയതിയിലെ വെള്ളപ്പൊക്കത്തിൽ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ വെള്ളം കയറുകയും ഫയലുകൾ പൂർണ്ണമായോ ഭാഗികമായോ നശിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പൂർണ്ണമായി നശിച്ച 15 പ്രോജക്ടുകളുടെ ചെലവ് വിവരം സെക്രട്ടറിയുടെ വൗച്ചർ പരിശോധിച്ചാണ് ബോധ്യപ്പെട്ടിട്ടുള്ളത്. കൂടാതെ ലഭ്യമായ ഫയലുകളിൽ 28 എണ്ണം ഭാഗികമായി നശിച്ച അവസ്ഥയിലായിരുന്നു.പ്രളയാനന്തരം ഏറ്റെടുത്ത പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനക്ക് ലഭിച്ചു. ആയതിൽ ഏറിയ പങ്കും പ്രളയം നാശം വിതച്ച കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളായിരുന്നു.
വിവിധ നിർവഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകൾ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പുരോഗതിക്കും ,പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ വികസനത്തിനും സഹായകമായിട്ടുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളിലുൾപ്പെടെ എല്ലാ പ്രോജക്ടുകളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കിയില്ല.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന ,സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം. പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മിതിയുൾപ്പെടെ വലിയ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്തവർഷങ്ങളിൽ വാർഷികപദ്ധതിയിൽ ഏറ്റെടുക്കേണ്ടിവരുന്ന സാഹചര്യം നിലവിലുണ്ട്. കാര്യക്ഷമവും ശാസ്ത്രീയവുമായ പദ്ധതി ആസൂത്രണ നിർവഹണ നടപടികളിലൂടെ പഞ്ചായത്തിന്റെ പുനർനിർമ്മിതിക്ക് ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ , വർക്കിംഗ് ഗ്രൂപ്പുകൾ, ഉദ്യോഗസ്ഥർ എന്നിവയുടെ ശരിയായ ഏകോപനവും, ഇടപെടലും ഉണ്ടാവേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 285 പ്രോജക്ടുകളിൽ 285 എണ്ണവും തൻവർഷം നടപ്പിലാക്കി. 102489 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1443 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. റോഡ് നിർമ്മാണം ,വ്യക്തിഗത പ്രോജക്ടുകളായ കാലിത്തൊഴുത്ത്,കോഴിക്കൂട് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 7632.00 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 30701246.00 | |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 8961524.00 | |
| | തനത് ഫണ്ടിൽ നിന്നും മുൻകൂർ | 1330904.00 | |
| ആകെ വരവ് | | | 41001306.00 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 30701246 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം, സാധന വില | 8272643.00 | |
| | ഉപകരണങ്ങളുടെ വില, വാടക<br>ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1377576.00<br>1740.00 | |

| | | | |
|---|---|---|---|
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 642081.00 | |
| | മിഷൻ തിരിച്ചടവ് | 3985.00 | |
| ആകെ ചെലവ് | | | 40999271.00 |
| നീക്കിയിരിപ്പ് | | | 2035.00 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2021-22 വർഷം കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31,800/- | 15 |
| വാർദ്ധക്യകാലപെൻഷൻ | 27,078,800/- | 1824 |
| കർഷകതൊഴിലാളി പെൻഷൻ | 2,597,400/- | 158 |
| വിധവാപെൻഷൻ | 5,996,000/- | 388 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 449,000/- | 28 |
| വികലാംഗപെൻഷൻ | 2,755,700/- | 174 |
| വിവാഹ ധനസഹായം | 90,000/- | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 25/01/2023 തീയതിയിൽ 02:50 PM സമയത്ത് നടത്തുകയുണ്ടായി. അന്നേദിവസം ഫ്രണ്ട് ഓഫീസിൽ ക്യാഷ് ഒന്നും ലഭിച്ചിട്ടില്ലായിരുന്നു. പരിശോധന സമയത്തെ ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കാര്യക്ഷമമായ ജോലി വിഭജനം, പേറോൾ നിയന്ത്രണം, ഡബിൾ എൻട്രി അക്കൗണ്ടിംഗ് എന്നിവ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഡി.സി.ബി കൃത്യമായി തയാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് പാസ്റ്റ് ഡേറ്റ എൻട്രി കൃത്യമായി നടപ്പാക്കി. പ്രത്യക ഉദ്ദേശ്യഗ്രാന്റുകളുടെ എ.സി.ആർ തയാറാക്കിയിട്ടുണ്ട്. ചെലവുകളുടെ വൗച്ചറുകൾ ബൈന്റുചെയ്ത് അനുബന്ധരേഖകൾ ഉൾപ്പെടെ സൂക്ഷിച്ചിട്ടുണ്ട്. 16-10-20121 ലെ മഹാ പ്രളയത്തിൽ പഞ്ചായത്തോഫീസുൾപ്പെടെ മുങ്ങിപ്പോയെങ്കിലും മരാമത്ത് പ്രവൃത്തികളുടേതൊഴികെയുള്ള മിക്ക വൗച്ചറുകളും രേഖകളും വീണ്ടെടുത്ത് സംരക്ഷിക്കുകയും ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ഏതാനും ഫയലുകൾ തീർത്തും നശിച്ചുപോയിട്ടുണ്ട്. കോവിഡും പ്രളയവും പഞ്ചായത്തിന് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചുവെങ്കിലും ഭരണസമിതിയും ഉദ്യോഗസ്ഥരും തമ്മിലുള്ള കൃത്യമായ ഏകോപനത്താലും മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണത്താലും വാർഷികപദ്ധതിയിലുൾപ്പെടെ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 21/10/2022 | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/05/2018 മുതൽ 04/06/2018 വരെ | 2013-14 മുതൽ 2017-18 വരെ | എൽ.ബി.എ.(എച്ച്.ക്യു.)II/1 /8A-51/ 2018-19/71 തീയതി-05.07.2018 |

### 1-11 ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, സേവനങ്ങൾ, ഫയൽ നീക്കം, അക്കൗണ്ടിങ്ങ് തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യുന്നതിനായി 2020-21 വർഷം മുതൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേനയും മാന്വലായും നടത്തിയിരുന്ന പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഒറ്റ സോഫ്റ്റ്‌വെയർ മുഖേന കൈകാര്യം ചെയ്യുന്നതിനാണ് ILGMS ഓൺലൈനായി പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ സോഫ്റ്റ്‌വെയറുകളിൽ പ്രവർത്തിച്ചിരുന്നതും കൈകാര്യം ചെയ്തിരുന്നതുമായ ഡേറ്റാബേസുകൾ ഓഡിറ്റ് വർഷം ILGMS-ന്റെ ഭാഗമായിട്ടില്ല. 2021-22 വർഷം 01/09/2021 തീയതി മുതലാണ് കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ ILGMS ഓൺലൈനായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയറിലെ പ്രവർത്തന വിശദാംശം, വേർഷനും പ്രാബല്യ തീയതിയും (Version & Effect Date), നിയന്ത്രണങ്ങൾ (Controls), മുൻഗണനകൾ (Previleges), ഡേറ്റാബേസുകൾ (Database) തുടങ്ങിയ വിവരങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ല. ആയതിനാൽ സംസ്ഥാന തലത്തിൽ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഓഡിറ്റ് വകുപ്പ് വാലിഡേറ്റ് ചെയ്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, അനുബന്ധമായ എല്ലാ ചട്ടങ്ങളും സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വിധേയമാക്കിയിട്ടുണ്ടോ എന്നും സംസ്ഥാനതലത്തിൽ പരിശോധന നടത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിന്റെ എല്ലാ വിവരങ്ങളും പഞ്ചായത്ത് വകുപ്പ് IKM-ന്റെ സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സോഫ്റ്റ്‌വെയറിന്റെ വാലിഡേഷനും സോഫ്റ്റ്‌വെയർ ഓഡിറ്റും സംസ്ഥാനതലത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെയും അതിന്റെ വിവിധ വേർഷനുകളുടെയും വാലിഡേഷൻ സംസ്ഥാനതലത്തിൽ നടത്തുന്നതിന് വിധേയമായിട്ടാണ് ILGMS സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത് പഞ്ചായത്ത് സമർപ്പിച്ച 2021-22 ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

### 1-12 പ്രളയത്തിൽ സ്റ്റോക്ക് രജിസ്റ്റർ നഷ്ടപ്പെട്ടതിന് ശേഷമുള്ള രസീതുകളുടെ വിനിയോഗം

കുട്ടിക്കൽ പ്രദേശത്ത് 16/10/2021-ലെ ഉരുൾ പൊട്ടലിനെ തുടർന്നുണ്ടായ മഹാപ്രളയത്തിൽ പഞ്ചായത്ത് ഓഫീസിന്റെ ഒന്നാം നില പൂർണ്ണമായും വെള്ളത്തിനടിയിലാവുകയുണ്ടായി. പ്രളയത്തിൽ രസീത് സ്റ്റോക്ക് രജിസ്റ്ററും രസീത് ബുക്കുകളും നഷ്ടപ്പെട്ടതിനെ തുടർന്ന് 08/12/2021 മുതൽ ആരംഭിച്ച പുതിയ സ്റ്റോക്ക് രജിസ്റ്ററാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രളയത്തിന് മുൻപ് നൽകിയിരുന്ന 5 രസീത് ബുക്കുകൾ ലഭ്യമായത് മാത്രമാണ് പുതിയ രജിസ്റ്ററിൽ പിന്നീട് ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് (നം.17601,17593,17594,17595,17596). നഷ്ടപ്പെട്ട രസീത് ബുക്കുകൾ എത്രയാണ് എന്നതിൽ വ്യക്തതയില്ല. പുതിയ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതും പിന്നീട് 08/12/2021 മുതൽ ലഭിച്ചതുമായ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെട്ട മാന്വൽ രസീതുകളാണ് ഓഡിറ്റിൽ പരിശോധിച്ചത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള രസീതുകളുടെ പരിശോധന നടത്തിയ 31/12/2022 തീയതി വരെ 30 രസീത് ബുക്കുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(കോട്ടയം)

മുഖേന ലഭിച്ചിട്ടുണ്ട്{24707-24716, 19040-19059}.

പഞ്ചായത്തിൽ 01/09/2021-ൽ ILGMS ആരംഭിച്ചതിന് മുൻപ് 31/08/2021 തീയതി വരെ ഉപയോഗത്തിലിരുന്ന കമ്പ്യൂട്ടർ രശീതുകളുടെ സ്റ്റോക്കും ശേഷിച്ച കമ്പ്യൂട്ടർ രസീതുകളും പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ പരിശോധിക്കുന്നതിന് സാധിച്ചില്ല. 01/09/2021 മുതൽ ഡിജിറ്റൽ രസീതുകൾ A4 പേപ്പറിൽ പ്രിന്റ് ചെയ്തും സ്റ്റോക്കിലുള്ള മാന്വൽ രസീതുകളും മുഖേനയാണ് വിവിധ വരവുകൾ സ്വീകരിക്കുന്നത്.

## 1-13 പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ മുന്നിരിപ്പ് വിശദാംശമില്ല

ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പ്രോജക്ട് ഫണ്ട് മുൻവർഷങ്ങളിൽ ലഭിച്ച തുക 01/04/2021-ൽ മുന്നിരിപ്പായി നിലനിൽക്കുന്നവ ഏത് വർഷങ്ങളിൽ ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്ന വിശദാംശം എ.സി.ആറിൽ നിന്ന് ലഭ്യമല്ല. ജില്ല-ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായതിലെ വിഹിതങ്ങൾ 31/03/2022 ൽ അവശേഷിക്കുന്നത് B4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| സംയുക്ത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത്(റവന്യൂ) | 535,586/- |
| സംയുക്ത പ്രോജക്ട് ജില്ല പഞ്ചായത്ത്(റവന്യൂ) | 88,474/- |
| പ്രത്യേക ഉദ്ദേശ്യം ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 182,533/- |
| പ്രത്യേക ഉദ്ദേശ്യം ജില്ല പഞ്ചായത്ത് (റവന്യൂ) | 100,000/- |
| ആകെ | 906,593/- |

വാർഷിക കണക്കുകൾ പ്രകാരം 906,593/- രൂപ അവശേഷിക്കുന്നു. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾക്കായി ട്രഷറിയിലുള്ള അക്കൗണ്ടിൽ 708,739/- രൂപ മാത്രമാണ് നിലനിൽക്കുന്നത്(197,854/- രൂപ വ്യത്യാസം). 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം മേൽപറഞ്ഞ ഫണ്ടുകളുടെ എ.സി.ആർ.-ൽ മുന്നിരിപ്പിന്റെ വിശദാംശം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു.

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായ ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നതിനും പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടാതിരിക്കുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.10/2021-22/01.02.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കണക്കുകളിലെ വ്യത്യാസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചത്. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ 2021-22 എ.സി.ആർ. മുന്നിരിപ്പ് വിശദാംശം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 റിലയൻസ് മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക - തുക കുടിശിക ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്തിലെ റിലയൻസിന്റെ ഉടമസ്ഥതയിലുള്ള ടവറുകളുടെ കുടിശിക വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടാത്തതായി കാണുന്നു. 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2020-21 രണ്ടാം അർദ്ധവർഷം വരെ ഒടുക്കാനുള്ള തുക 2021-22 വർഷം കുടിശിക ഡിമാന്റായി വാർഷിക കണക്കിലും വസ്തുനികുതി ഡേറ്റാബേസിലും ഉൾപ്പടേണ്ടതായിരുന്നു. ഡിമാന്റിൽ നിന്നും ഒഴിവാക്കപ്പെട്ട വസ്തുനികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമ | വാർഷിക നികുതി | കുടിശിക-8 വർഷം (2013-14 – 2020-21) |
|---|---|---|---|
| I/46/A | Relience Telecom | 35,949/- | 287,592/- |

| | | | |
|---|---|---|---|
| | | 1,798/- LC | |
| I/46/B | Infrastructutre Limited, Cochin, SA Road, Cochin | 7,445/-<br>373/- LC | 59,560/- |
| IV/3 | | 8,352/-<br>418/- LC | 66,816 |
| ആക നികുതി<br>ആകെ ലൈബ്രറി സെസ്സ്(LC) | | 51,746/-<br>2,589/- | 413,968/-<br>20,712/- |
| ഒട്ടാകെ | | 54,335/- | 434,680/- |

പഞ്ചായത്തിലെ ഒന്നാം വാർഡിലും നാലാം വാർഡിലുമുള്ള ടവറുകൾ സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതും ലൈബ്രറി സെസ്സ് ഉൾപ്പടെ വസ്തുനികുതി കുടിശിക 434,680/- രൂപ ഒടുക്കാൻ അവശേഷിക്കുന്നതുമാണ്. എന്നാൽ 2021-22 കുടിശിക ഡി.സി.ബി.(31/03/2021 വരെയുള്ള കുടിശിക) പത്രിക പ്രകാരം ഒന്ന്, നാല് വാർഡുകളിലെ പാർപ്പിടേതര വസ്തുനികുതി ആകെ കുടിശിക 9,345/- രൂപ മാത്രമാണ്. വസ്തുനികുതി കുടിശികയിനത്തിൽ മൊബൈൽ ടവറിന്റെ നികുതി കുടിശിക 4.35 ലക്ഷത്തോളം രൂപ ഡിമാന്റിൽ നിന്ന് ഒഴിവായതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.7/2021-22/31.01.2023) നൽകിയതിന് മറുപടി ലഭ്യമാക്കി. നികുതി കുടിശിക ഡിമാന്റിൽ ഉൾപ്പെടാത്തത് സോഫ്റ്റ്‌വെയറിലെ അപാകതയാണെന്നും ആയത് പരിഹിരിക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്. കൂടാതെ റിലയൻസ് ടവറുകളുടെ 2013-14 മുതലുള്ള കുടിശിക വസ്തുനികുതി സംബന്ധിച്ച് കാഞ്ഞിരപ്പള്ളി JFMC1 കോടതിയിൽ ST.3874/21, 1357/21, 3870/21, 3868/21 നമ്പറുകളായി കേസുകൾ നിലനിൽക്കുന്നതായും അറിയിച്ചു. വസ്തുനികുതി ഡേറ്റാബേസ് ഡിമാന്റിലും വാർഷിക കണക്കിലെ ഡിമാന്റിലും ഉൾപ്പെടുത്തി കുടിശിക ഡിമാന്റ് പരിഷ്കരിക്കേണ്ടതാണ്. കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ തീർപ്പാക്കലിന് വിധേയമായി ടവറുകളുടെ നികുതി കുടിശിക മുഴുവൻ അടവാക്കിയ ശേഷം ടി ടവറുകളുടെ കുടിശിക ഡി.സി.ബി. പത്രിക, നികുതി ഒടുക്കിന്റെ വിശദാംശം എന്നിവ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-15 ധനകാര്യ സ്ഥാപനത്തെ തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി

പഞ്ചായത്തിന്റെ സ്ഥാപന ലിസ്റ്റിലുള്ള പല സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ ഒഴിവാക്കിയതായി കാണുന്നു. 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം 2021-22 വർഷത്തെ നികുതി ഒടുക്കാനവശേഷിക്കുന്നില്ല. പഞ്ചായത്ത് ലഭ്യമാക്കിയ 2021-22 ഡി.സി.ബി. പത്രിക പ്രകാരം 62,500/- രൂപ ഡിമാന്റിൽ മുഴുവൻ തുകയും അടവാക്കി. എന്നാൽ നികുതി ഒടുക്കാത്ത ധനകാര്യ സ്ഥാപനത്തെ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഡിമാന്റ് ചെയ്ത തുക | ഈടാക്കേണ്ട തുക | ഡിമാന്റിലെ കുറവ് |
|---|---|---|---|
| ആൽഫാ ഫിനാൻസ്, കുട്ടിക്കൽ ശാഖ | ഇല്ല | 2,500/- | 2,500/- |
| ആൽഫാ ഫിനാൻസ്, പറത്താനം ശാഖ | ഇല്ല | 2,500/- | 2,500/- |
| ആൽഫാ ഫിനാൻസ്, ഏന്തയാർ ശാഖ | ഇല്ല | 2,500/- | 2,500/- |
| ആകെ | ഇല്ല | 7,500/- | 7,500/- |

മേൽപറഞ്ഞ സ്ഥാപനം 2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ടേണോവർ അടിസ്ഥാനത്തിലുള്ള 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ടി സ്ഥാപനത്തെ ഒഴിവാക്കിയതിനാൽ തനത് വരുമാനമായി ലഭിക്കേണ്ട 7,500/- രൂപ നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട്

ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.2/2021-22/30.01.2023) നൽകിയതിന് ആൽഫാ ഫിനാൻസ് എന്ന സ്ഥാപനത്തിന്റെ 2021-22 ടേണോവർ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കുന്നതാണ് എന്നറിയിച്ചു. പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ലിസ്റ്റ് പ്രകാരമുള്ള ഡിമാന്റ് തുക അതാത് വർഷം അക്കൗണ്ട് ചെയ്തു എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. 2021-22 ഡിമാന്റ് അക്കൗണ്ട് ചെയ്യാതിരുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി നിലവിൽ കുടിശിക ഡിമാന്റിൽ ചേർത്ത് ഈടാക്കേണ്ടതാണ്. നികുതി അടവാക്കിയ ശേഷം രസീതുകൾ, കുടിശിക ഡി.സി.ബി. എന്നിവയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി സെക്രട്ടറി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-16 പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 വർഷം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | ഓർക്കിഡ് കൺസൾട്ടൻസി, കുട്ടിക്കൽ<br>(Study Abroad & Travel Agency) |
| 2. | ഓക്സ്ഫോർഡ് ബിൽഡേഴ്സ് & പ്ലാൻ, കുട്ടിക്കൽ |
| 3. | തനയ ജനസേവന യോജന, കുട്ടിക്കൽ |
| 4. | SBI Customer Service Point, കുട്ടിക്കൽ |
| 5. | ശാന്തിഗിരി ആയുർവേദിക് ഹോസ്പിറ്റൽ, കുട്ടിക്കൽ |
| 6. | ബഡായിൽ ഓഡിറ്റോറിയം, കുട്ടിക്കൽ |
| 7. | Epc Events & Wedding Planners, കുട്ടിക്കൽ |
| 8. | National Insurance Company Limited, ഏന്തയാർ |
| 9. | തേൻപുഴ ഗേറ്റ് ഹോം(Health Consultant), കുട്ടിക്കൽ |
| 10. | Fino Payment Bank, ഏന്തയാർ |
| 11. | ശ്രീനാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇളംകാട് |
| 12. | National Typewriting & Computer Centre, കുട്ടിക്കൽ |
| 13. | Cloud Cabana Holidays(റിസോർട്ട്), കുട്ടിക്കൽ |
| 14. | Orange Valley Hills Resort, കുട്ടിക്കൽ |
| 15. | Vidya Misty Ravine Resort, കുട്ടിക്കൽ |
| 16. | Eagle Red Casino Resort, കുട്ടിക്കൽ |
| 17. | ഹിമശൈലം റിസോർട്ട്, കുട്ടിക്കൽ |

സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് നികുതി വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായി. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.1/2021-22/30.01.2023) നൽകിയതിന് 2021-22 വർഷത്തെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ഈടാക്കുമെന്നാണ് മറുപടിയിൽ അറിയിച്ചത്. പഞ്ചായത്തിന്റെ

തൊഴിൽ നികുതി സ്ഥാപന ലിസ്റ്റ് എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പരിഷ്കരിച്ച ശേഷം ഡിമാന്റ് നിശ്ചയിക്കേണ്ടതാണ്. 2021-22 തൊഴിൽ നികുതി നിലവിൽ കുടിശിക ഡിമന്റിൽ ചേർത്ത് സ്വീകരിക്കേണ്ടതാണ്. നികുതി അടവാക്കിയ ശേഷം രസീതുകൾ, കുടിശിക ഡി.സി.ബി. എന്നിവയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി സെക്രട്ടറി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷത്തെ ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് തയ്യാറാക്കുന്ന സ്ഥാപന ലിസ്റ്റും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1-17 വാടക നടപടിക്രമങ്ങൾ- പൊതു അപാകതകൾ

2021-22 വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡക്സ് പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടക എഗ്രിമെന്റ്, ഫയൽ തുടങ്ങിയവ പരിശോധിച്ചതിൽ നിന്നും വാടക നടപടികളിലും അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലും ചുവടെ ചേർക്കും പ്രകാരം അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ പഞ്ചായത്തിൽ നിലവിലില്ല.
2. പഞ്ചായത്ത് ഒന്നാം വാർഡിൽ പറത്താനം പോസ്റ്റ് ഓഫീസിന് വാടകയ്ക്ക് നല്കിയ കെട്ടിടം നമ്പർ ഇട്ടിട്ടില്ല. സെക്രട്ടറിയുടെ പേരിൽ നികുതിരഹിതമായി അസസ്മെന്റ് നടത്തേണ്ടതായിരുന്നു.
3. വാടക എഗ്രിമെന്റുകൾ എഴുതി പൂർത്തിയാക്കാതെയും സാക്ഷ്യപ്പെടുത്താതെയും ,ചില മുദ്രപ്പത്രങ്ങൾ കരാർ എഴുതാതെയും സൂക്ഷിച്ചിരിക്കുന്നു. കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്ത അപൂർണ്ണമായ കരാറുകൾ സ്ഥാപനത്തിന് വിവിധ നിയമപ്രശ്നങ്ങൾക്ക് വഴിയൊരുക്കും.
4. വർഷാദ്യത്തിൽ വാടക ഡിമാന്റ് കണക്കാക്കി അക്കൗണ്ട് ചെയ്യുന്നില്ല. 2021-22 വർഷത്തെ ഡിമാന്റ് 71,556/- രൂപയായിരുന്നു(ഡിമാന്റ് രജിസ്റ്റർ പ്രകാരം). തൻവർഷത്തെ വാടകയിളവ് 6,936/- രൂപ ഒഴിവാക്കി 64,620/- രൂപയാണ് ഡിമാന്റായി അക്കൗണ്ട് ചെയ്തത്. ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷം വാടകയിളവ് ജേർണൽ വൗച്ചർ മുഖേന ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.
5. തൻവർഷം 10 കടമുറികൾ വാടകയ്ക്ക് നൽകിയിരുന്നത് കൈവശം വച്ചിരുന്ന കുത്തകക്കാർ പഞ്ചായത്ത് ഫണ്ടിലേക്ക് വാടക നിക്ഷേപം(Rent Deposit) ഒടുക്കിയിട്ടുണ്ടോ എന്ന് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക നിക്ഷേപ കണക്കുകൾ തയ്യാറാക്കിയിട്ടില്ല. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം 21,200/- രൂപ മാത്രമാണ്. ടി തുക ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കിയത് എന്നത് ഡിമാന്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. വാടക നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്നത് മൂലം കുടിശിക വരുത്തുന്നവരുടെ വാടക ക്രമീകരിക്കാൻ പഞ്ചായത്തിന് സാധിക്കാതെ വരുന്നു.
6. Auction Deposit ശീർഷകത്തിൽ 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 48,350/- രൂപയിൽ വാടക നിക്ഷേപത്തുകയുൾപ്പടെ കണക്ക് ശീർഷകം മാറി അക്കൗണ്ട് ചെയ്യപ്പെട്ടു എന്ന് ഡെപോസിറ്റ് രജിസ്റ്ററിൽ കാണുന്നു. തുക ഒടുക്കിയ വ്യക്തികളുടെ കൃത്യമായ വിവരം ലഭ്യമല്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ വാർഷിക കണക്കുകളിലെ വാടക നിക്ഷേപ തുകയുടെ കൃത്യതയും വ്യക്തമല്ല.

വാടക നടപടിക്രമങ്ങളിലെയും കണക്കിലെയും അപാകതകളും അനുബന്ധരേഖകൾ കൃത്യമായി സാക്ഷ്യപ്പെടുത്താതെയും സൂക്ഷിക്കാതെയും തുടരുന്നത് പഞ്ചായത്തിന് ഈ വിഷയത്തിൽ പല നിയമ പ്രശ്നങ്ങൾക്കും ഇടയാക്കുന്നതാണ്. മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.8/2021-22/01.02.2023) നൽകിയതിന് വാടക ബൈലോ തയ്യാറാക്കുമെന്നും നമ്പറിങ്ങ് നടത്താത്ത കെട്ടിടം നമ്പറിടുമെന്നും വാടക കരാറുകൾ കൃത്യമായി തയ്യാറാക്കുമെന്നും വാടക നിക്ഷേപം(Rent Deposit) സംബന്ധിച്ച അപാകതകൾ പരിഹരിക്കുമെന്നും മറുപടിയിൽ സെക്രട്ടറി അറിയിച്ചു. വാടക നടപടിക്രമങ്ങളിലുള്ള മേൽവിവരിച്ച എല്ലാ അപാകതകളും പരിഹരിച്ച് ബന്ധപ്പെട്ട എല്ലാ അനുബന്ധരേഖകളുടെയും രജിസ്റ്ററുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പഞ്ചായത്ത് പ്രദേശത്ത് ട്രേഡർമാർ/സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. പഞ്ചായത്തിൽ ആകെ 13 വാർഡുകളാണുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയെങ്കിലും പ്രസ്തുത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ക്രമീകരിച്ചിട്ടില്ല. ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ലൈസൻസ് എടുക്കുന്നത് അനുസരിച്ചുള്ള ക്രമത്തിലാണ് ട്രേഡറുടെ വിശദാംശം ചേർത്തിരിക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് തയ്യാറാക്കിയിട്ടില്ല. 2021-22 ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 96 ട്രേഡർമാരാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 200 ലധികം ട്രേഡർമാരുള്ളത് ധാരാളം ട്രേഡർമാർ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നത് വ്യക്തമാകുന്നു. വാർഡ് തിരിച്ച് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ഏതെല്ലാം ട്രേഡർമാരാണ് ലൈസൻസില്ലാതെ പ്രവർത്തിച്ചത് എന്ന് വ്യക്തമല്ല. ലൈസൻസ് നടപടികളിലെ അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2021-22/01.02.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എല്ലാ ട്രേഡർമാരെയും ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് നടപടികൾ ക്രമീകരിക്കുന്നതാണ് എന്നറിയിച്ചു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ട്രേഡർമാരും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നെന്ന് ഉറപ്പാക്കേണ്ടതാണ്. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-19 ആവശ്യകതയും ഫലപ്രദമായ നടത്തിപ്പും ഉറപ്പ് വരുത്താതെ പ്രോജക്ട് നിർവഹണം-12.60 ലക്ഷം രൂപ പാഴ്ച്ചെലവ്

പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ തുടങ്ങിയവയിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടി ശുചിത്വമിഷൻ ഫണ്ട് (കേന്ദ്രവിഹിതം) ഉപയോഗിച്ച് എയറോബിക് കംപോസ്റ്റിംഗ് യൂണിറ്റുകൾ (തുമ്പൂർ മൂഴി മോഡൽ) നിർമ്മിച്ച് നല്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹണം നടത്തിയത്. 2020-21 ൽ 1510000/- രൂപ വകയിരുത്തിയ പദ്ധതിയിൽ 302000/- രൂപ 2020-21 വർഷം തന്നെ മുൻകൂറായി നല്കിയിരുന്നു. 2021-22 ൽ സ്പിൽ ഓവർ പ്രോജക്ട് നമ്പർ 140/22 പ്രകാരം 958457 രൂപയും (356484 വൗ നം22100520/16-2-2022 + 41516 വൗ നം22100521/16.02.2022 + 560457 വൗ നം 22100944/31-3-22) ഏജൻസിക്ക് നല്കി (ആകെ 1260457). ഏറ്റെടുത്ത 6 യൂണിറ്റുകൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | സ്ഥാപനം | തുക |
|---|---|---|
| 1 | പി എച്ച് സി പറത്താനം | 170881.62 |
| 2 | സെന്റ് ജോർജ് ഹൈസ്കൂൾ, കുട്ടിക്കൽ | 175794.20 |
| 3 | R S മെമ്മോറിയൽ യു പി സ്കൂൾ | 172524.52 |
| 4 | JJM ഹൈസ്കൂൾ | 172524.52 |
| 5 | CMS L P സ്കൂൾ | 171129.90 |
| 6 | SVE യു പി സ്കൂൾ | 175069.32 |
| ആകെ | | 1037924.08 |
| ജി എസ് റ്റി 12% | | 124550.88 |
| മാനേജ്മെന്റ് ചാർജ് 8% | | 83033.92 |
| മാനേജ്മെന്റ് ചാർജിന് ജി എസ് റ്റി 18% | | 14946.10 |

| | |
|---|---|
| ആകെ ചെലവ് | 1260454.98 |
| 2020-21 ൽ മുൻകൂർ നല്കിയത് | 302000.00 |
| 2021-22 ൽ ചെലവഴിച്ചത് | 958454.98<br>(958457/-രൂപ നല്കി) |

ആകെ 1260457/- രൂപ (958457+302000) ചെലവഴിച്ച് നിർമ്മിച്ച യൂണിറ്റുകളിൽ ക്രമ നം. 1, 2, 3, 4 എന്നിവ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയാക്കിയതല്ലാതെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്ന് 30-1-2023 ൽ നേരിട്ട് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ക്രമ നം.







5, 6 എന്നിവയും സമാന അവസ്ഥയിലാണെന്ന് അറിയുന്നു. പദ്ധതിയുടെ ആവശ്യകതയും, ഫലപ്രദമായ നടത്തിപ്പും ഉറപ്പു വരുത്താതെ ഇത്തരത്തിലുള്ള പ്രോജക്ട് ഏറ്റെടുത്ത് 12.60 ലക്ഷം രൂപയുടെ പാഴ്ചെലവ് വരുത്തിയതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 9/01.02.23) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കി. 12.6 ലക്ഷം ചെലവഴിച്ച് നിർമ്മിച്ച കംപോസ്റ്റ് യൂണിറ്റുകൾ പ്രവൃത്തി പൂർത്തീകരിച്ച് മാസങ്ങൾക്ക് ശേഷവും ഖരമാലിന്യനിർമാർജന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താതെ നിർജീവ ആസ്തിയായി തുടരുന്നത് ഭരണസമിതി പരിശോധിക്കേണ്ടതും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കംപോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കുന്നതുവരെ ടി പ്രോജക്ടിന് തൻവർഷം ചെലവഴിച്ച 958457 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പാലിനു സബ്സിഡി -അധിക തുക തിരികെ ഈടാക്കിയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | 46/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ (വികസന ഫണ്ട്-ജനറൽ) | 220000 |
| ചെലവ് | 220000 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം.22/18 തസ്വഭവ തീ.14.2.18 ഖ.6.2.8 പ്രകാരം ഒരു ക്ഷീരകർഷകന് ഒരു വർഷത്തിൽ പാലിനു നല്കാവുന്ന പരമാവധി സബ്സിഡി 40000 രൂപ മാത്രമാണ്. എന്നാൽ പഞ്ചായത്തിൽ ഷാനവാസ് ഖാൻ എന്ന കർഷകന് 21-22 വർഷം സബ്സിഡി 40000 രൂപയിൽ അധികം നല്കിയതായി കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| ബിൽ നം, തുക | 1/21-22-20000 | 3/21-22-121518 | 4/21-22-30000 | 5/21-22-20000 |

| | | | | |
|---|---|---|---|---|
| നല്കിയ തുക | 33358 | 10021 | 4409 | 378 |
| ആകെ നല്കിയത് | 48166 | | | |

ഇപ്രകാരം സബ്സിഡി അധികം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.4/30.1.23)നല്കിയപ്പോൾ അധികം നല്കിയ 8166 രൂപ 1220200165 /1.2.23 നം രസീത് പ്രകാരം പഞ്ചായത്തിൽ അടയ്ക്കുകയുണ്ടായി. ടി തുക സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 അമൃതം ന്യൂട്രിമിക്സ് അധികം നല്കിയ തുക തിരികെ ഈടാക്കി

| | |
|---|---|
| പ്രോജക്ട് നം | 1/22<br>അനപൂരക പോഷകാഹാര പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ബിൽ | കേന്ദ്രാവിഷ്കൃത ഫണ്ട് -318529 |

സ.ഉ.സാധാ നം.758/2018 തസ്വഭവ 21.3.18 പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വില പായ്ക്കറ്റ് ഒന്നിന് 73.50 രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രസ്തുത പ്രോജക്ട് പ്രകാരം വി വൺ അമൃതം ഫുഡ് ,ഏന്തയാർ എന്ന സ്ഥാപനത്തിന്റെ ബിൽ നം 2/24.11.21 പ്രകാരം 70 പായ്ക്കറ്റ് അമൃതം ന്യൂട്രിമിക്സ് 7350 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.ആയതിന് നല്കാവുന്ന വില 5145 രൂപ മാത്രമാണ്.ഇപ്രകാരം 2205 രൂപ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നം3/30.1.23) നല്കിയതിന്റെ അടിസ്ഥാനത്തിൽ അധികം നല്കിയ തുക 2205 രൂപ രസീത് നം. 1220200158/31.1.23 പ്രകാരം പഞ്ചായത്തിൽ അടവാക്കി.

1-22 തുക നല്കി മാസങ്ങൾ കഴിഞ്ഞിട്ടും പ്രിന്റർ ലഭിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കംപ്യൂട്ടർ ,പ്രിന്റർ എന്നിവ വാങ്ങുന്നതിന് 2 പ്രോജക്ടുകൾ പ്രകാരം 201083/- കെൽട്രോണിന് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്ട് /പ്രോജക്ട് നമ്പർ | വകയിരുത്തിയ തുക/ചെലവഴിച്ച തുക | ബിൽ നം /തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | 218/2022,അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കംപ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ | 90682/90652 | 43/8-3-22 | വികസനഫണ്ട് |
| 2 | 243/2022,അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ | 120000/110431 | 42/8-3-22 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |

ക്രമ നം. 1 പ്രോജക്ട് പ്രകാരം ചെലവഴിച്ച 90652 രൂപയിൽ 40036/- രൂപയും , ക്രമ നം. 2 പ്രോജക്ട് പ്രകാരം ചെലവഴിച്ച 110431/- രൂപയിൽ 20018/- രൂപയും പ്രിന്ററിനുള്ള തുകയായിരുന്നു. പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക അടച്ച് 10 മാസങ്ങൾ കഴിഞ്ഞിട്ടും 60054/- രൂപയുടെ സാധനങ്ങൾ ഇനിയും ലഭിച്ചിട്ടില്ല. CPRCS വഴി കംപ്യൂട്ടർ, അനുബന്ധ സാധനങ്ങൾ വാങ്ങുമ്പോൾ ആയവയുടെ ലഭ്യത ഉറപ്പാക്കി മാത്രം തുക നിക്ഷേപിക്കേണ്ടതായിരുന്നു. CPRCS വഴി സാധനങ്ങൾ ലഭ്യമല്ലെങ്കിൽ പൊതുമാർക്കറ്റിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ സാധനങ്ങൾ വാങ്ങുന്നതിന്

തടസ്സമില്ലെന്നിരിക്കെ ലഭ്യത ഉറപ്പാക്കാതെ പ്രിന്റർ വാങ്ങുന്നതിനുള്ള തുക നിക്ഷേപിച്ചതിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം6/30.01.2023) സാധനങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് കെൽട്രോണിന് കത്ത് നല്കിയതായി മറുപടി നല്കി. ലഭിക്കാനുള്ള സാധനങ്ങളുടെ വിലയിനത്തിലുള്ള 60054/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ഹയർ സെക്കന്ററി തുല്യതാ കോഴ്സ്-സാക്ഷരതാമിഷനിൽ നിന്ന് വിവരങ്ങൾ ലഭ്യമായില്ല

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 84/22,തുടർ വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ട് പ്രകാരം 5 പഠിതാക്കളുടെ ഒന്നാം വർഷ ഹയർ സെക്കന്ററി തുല്യതാ കോഴ്സിന് കോഴ്സ് ഫീസ്, അഡ്മിഷൻഫീസ്, രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിലായി 12500/രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് (യൂക്കോ ബാങ്ക് 02880100113107,UCBA0000288) 3-12-2021 ലെ ട്രഷറിബിൽ പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ കുട്ടികൾ കോഴ്സിൽ പങ്കെടുക്കുന്നതിന്റെയോ ,തുല്യതാ പരീക്ഷക്ക് പങ്കെടുക്കുന്നതിന്റെയോ വിവരങ്ങൾ സാക്ഷരതാമിഷനിൽ നിന്ന് ലഭിച്ചിട്ടില്ല. കൂടാതെ തുക കൈപ്പറ്റിയത് സംബന്ധിച്ച അറിയിപ്പും സാക്ഷരതാമിഷനിൽ നിന്ന് ലഭിച്ചിട്ടില്ല.
പഠിതാക്കൾ കോഴ്സിൽ പങ്കെടുക്കുന്നുവെന്നും പ്രോജക്ട് ചെലവുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നെന്നും ഉറപ്പാക്കേണ്ടതാണ്. സാക്ഷരതാമിഷനിൽ നിന്ന് ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 കൂട്ടിക്കൽ-പ്രളയ പുനരധിവാസപ്രവർത്തനങ്ങൾ

കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് അഭിമുഖീകരിച്ച ഏറ്റവും വലിയ ദുരന്തമാണ് 2021 ഒക്ടോബർ മാസം 16ാം തീയതി ഉണ്ടായ പേമാരിയും ഉരുൾപൊട്ടലും ഗ്രാമപഞ്ചായത്ത് ഓഫീസിനെ ഉൾപ്പെടെ മുക്കിയ പ്രളയവും. ഗ്രാമപഞ്ചായത്തിന്റെ വ്യത്യസ്തഭാഗങ്ങളിലായി 13 മനുഷ്യജീവനുകളെയാണ് ദുരന്തം കവർന്നത്. വീടുകൾ, കടകൾ, വാഹനങ്ങൾ ഉൾപ്പെടെ നിരവധി ജീവനോപാധികൾ നഷ്ടപ്പെട്ടു. ഉരുൾപൊട്ടലും പ്രളയവും കുത്തിയൊലിപ്പിച്ചു കൊണ്ടുപോയ റോഡുകൾ, പാലങ്ങൾ, മലമുകളിൽ നിന്ന് പ്രളയജലത്തിൽ ഒഴുകിയെത്തിയ കൂറ്റൻ പാറകൾ, പഞ്ചായത്തതിർത്തിയിൽ കോട്ടയം ഇടുക്കി ജില്ലകളെ വേർതിരിക്കുന്ന, പ്രളയജലത്തെ താങ്ങാനാവാതെ ഗതിമാറിയൊഴുകിയ പുല്ലകയാർ ചില ഭാഗങ്ങളിൽ പാറക്കൂട്ടങ്ങൾ മാത്രം നിറഞ്ഞും കൂട്ടിക്കൽ ടൗൺ ഭാഗങ്ങളിൽ വലിയ മണൽതിട്ടയായും നീണ്ടുകിടക്കുന്നു. ഇങ്ങനെയൊക്കെയാണ് 16-10-2021 ലെ പ്രളയം കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിനെ മാറ്റി മറിച്ചത്.
പഞ്ചായത്ത് കമ്മിറ്റിയുടെ 03-11-2021 ലെ 1(1) തീരുമാനത്തിലൂടെ അംഗീകരിച്ചതനുസരിച്ച് 16-10-2021 ലെ പ്രകൃതി ക്ഷോഭത്തിൽ 13 പേർക്ക് ജീവഹാനി സംഭവിക്കുകയും 15 കുടുംബങ്ങൾക്ക് ഭൂമിയും വീടും നഷ്ടപ്പെടുകയും 90 കുടുംബങ്ങൾക്ക് വീട് പൂർണ്ണമായും നഷ്ടമാകുകയും 265 വീടുകൾ ഭാഗികമായി നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. 42 പഞ്ചായത്ത് റോഡുകളും 17 നടപ്പാലങ്ങളും ഗതാഗതയോഗ്യമല്ലാതായി. നിരവധി ആളുകളുടെ വീട്ടുപകരണങ്ങളും കുട്ടികളുടെ പഠന സാമഗ്രികളും നഷ്ടപ്പെട്ടിട്ടുണ്ട്. 150ഹെക്ടർ കൃഷിഭൂമി നഷ്ടപ്പെടുകയും നിരവധി കുടുംബങ്ങളുടെ ഉപജീവനമാർഗമായ വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ 23 കുടിവെള്ള പദ്ധതികൾ പൂർണ്ണമായും തകർന്നുപോവുകയും ചെയ്തു.
ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പ്രളയജലത്തിൽ മുങ്ങിപ്പോവുകയും കമ്പ്യൂട്ടറുകളും ഫയലുകളും ഉൾപ്പെടെ തിരിച്ചെടുക്കാനാവാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ളതുമാണ്. ഫർണിച്ചറും ഓഫീസ് ഉപകരണങ്ങളും ഉപയോഗയോഗ്യമല്ലാതാവുകയും വൈദ്യുതി സംവിധാനവും ഇലക്ട്രോണിക് സംവിധാനവും പരിപൂർണ്ണമായി തകരാറിലാവുകയും ചെയ്തു. ഏകദേശം 40 ലക്ഷം രൂപയുടെ നാശനഷ്ടം ഓഫീസിനുതന്നെ ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. കൂടാതെ 6 അനുബന്ധ സർക്കാർ സ്ഥാപനങ്ങൾക്കും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.
പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളുടെ യഥാർഥ ചിത്രം പൂർണ്ണമായും വ്യക്തമാക്കുന്നു.
ദുരന്തബാധിതപ്രദേശങ്ങളിൽ നിന്ന് ജനങ്ങളെ സുരക്ഷിതമായി ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറ്റുക,

ഇടിഞ്ഞുവീണ മണ്ണും പാറക്കൂട്ടങ്ങളും മാറ്റി വാഹനഗതാഗതമുൾപ്പെടെ പുനഃസ്ഥാപിക്കുക, ദുരിതാശ്വാസ ക്യാമ്പുകളിൽ സൗകര്യങ്ങൾ ഒരുക്കുക ക്യാമ്പുകളിലേക്ക് മാറ്റിയവർക്ക് ഭക്ഷണം, അത്യാവശ്യ വസ്തുങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, പഞ്ചായത്ത് ഓഫീസ് കെട്ടിടമുൾപ്പെടെ മണ്ണും ചെളിയും മാറ്റി പ്രവർത്തനസജ്ജമാക്കുക, സൈന്യവും സന്നദ്ധസേവകരുമുൾപ്പെടെ രക്ഷാപ്രവർത്തനത്തിനെത്തിയവർക്ക് ഭക്ഷണം, വാഹനങ്ങൾക്ക് ഇന്ധനം ഇങ്ങനെ വളരെ പെട്ടെന്ന് നിരവധികാര്യങ്ങളാണ് പഞ്ചായത്തിന്റെ ഏകോപനത്തിലും പണച്ചെലവിലും പൂർത്തീകരിക്കേണ്ടിവന്നത്. പ്ലാൻഫണ്ട്, ദുരിതാശ്വാസ ഗ്രാന്റ്, മറ്റ് പഞ്ചായത്തുകളിൽ നിന്നുള്ള ധനസഹായം എന്നിവയിൽ നിന്നായി 2699253/രൂപയാണ് 2021-22ൽ ചെലവഴിച്ചതെന്ന് ചെലവുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും അനുബന്ധരേഖകളും വ്യക്തമാക്കുന്നു.

<u>പഞ്ചായത്തിന് ലഭ്യമായ വിവിധ ധനസഹായങ്ങൾ.</u>

വെള്ളപ്പൊക്കദുരിതാശ്വാസ ധനസഹായം -300000/

വിവിധഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ ധനസഹായം -1850000/

<u>പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 16-10-21 മുതൽ 31-03-22 വരെയുള്ള കാലയളവിൽപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരം.</u>

പദ്ധതിവിഹിതം 13/22. ദുരന്തനിവാരണപ്രവർത്തനങ്ങൾ എന്ന പ്രോജക്ടിന്റെ ഭാഗമായും മറ്റ് പ്രോജക്ടുകളായും

ചെലവഴിച്ചത്- 1540786

റവന്യൂ വകുപ്പിൽനിന്ന് ലഭിച്ച വെള്ളപ്പൊക്കദുരിതാശ്വാസ ധനസഹായം -300000/

ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ ധനസഹായത്തിൽ നിന്ന് - 858467/

<u>ആകെ ചെലവ് തുക - 2699253/</u>

പാലങ്ങളും റോഡുകളും തകർന്ന് പലപ്രദേശങ്ങളും വാഹനഗതാഗതം ഇല്ലാതെ ഒറ്റപ്പെട്ട നിലയിൽ ഉള്ളിടങ്ങളിൽ താല്കാലിക പാലങ്ങൾ നിർമ്മിച്ച് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതുൾപ്പെടെ ചുരുങ്ങിയ സമയം കൊണ്ട് തന്നെ ജനജീവിതം ഒരു പരിധിവരെ സാധാരണനിലയിലെത്തിക്കുന്നതിന് സാധിച്ചതായാണ് കാണപ്പെടുന്നത്. ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, പൊതുജനങ്ങളുമുൾപ്പെടെയുള്ളവരുടെ കഠിനാധ്വാനത്തിലൂടെ ഇപ്രകാരം സാധിച്ചത് ശ്ലാഘനീയമാണ്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് മത സാമൂഹ്യ സംഘടനകൾ, സന്നദ്ധസംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, സ്വകാര്യവ്യക്തികൾ എന്നിങ്ങനെ സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്ന് വീടുകൾ നിർമ്മിച്ച് നല്കിവരുന്നു. പാലങ്ങൾ തകർന്ന് ഒറ്റപ്പെട്ട പ്രദേശങ്ങൾ താല്കാലികപാലങ്ങൾ നിർമ്മിച്ച് പൊതുഇടങ്ങളുമായി ബന്ധിപ്പിച്ചുവെങ്കിലും പാലങ്ങളുടെ സ്ഥിരനിർമ്മിതിയിലൂടെ ഗതാഗതസംവിധാനമുൾപ്പെടെ സാധാരണനിലയിലേക്ക് എത്തിക്കേണ്ടതുണ്ട്. സർക്കാർ സംവിധാനങ്ങളിലൂടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്.

## 1-25 പ്രവൃത്തി പൂർത്തീകരണം/തുകയുടെ വിനിയോഗ വിവരം ഇല്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കും വിധം പ്രോജക്ടുകളുടെ നിർവഹണത്തിനായി തുകകൾ ഭൂജല വകുപ്പിന് നല്കിയെങ്കിലും ഇനിയും പ്രവൃത്തി പൂർത്തീകരിക്കുകയോ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | ഒടുക്കിയ തുക | തുക കൈപ്പറ്റിയ സ്ഥാപനം | ബിൽ/വൗച്ചർ | ഫണ്ട് |
|---|---|---|---|---|
| 215/22,ടേക്ക് എ ബ്രേക്ക് ടോയ് ലറ്റ് സമുച്ചയത്തിന് | 198440 | ഭൂജലവകുപ്പ് | XVFC/2-22 /P/15/22-02-22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | | | | |
|---|---|---|---|---|
| കുഴൽകിണർ | | | | |
| 192/22,പത്താം വാർഡിൽ കുഴൽകിണർ നിർമ്മാണം | 100000 | ഭൂജലവകുപ്പ് | XVFC/2-22 /P/14/22-02-22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 111/22,കുഴൽകിണർ മെയിന്റനൻസ് | 231000 | ഭൂജലവകുപ്പ് | 52/17-01-22 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ആകെ | 529440 | | | |

നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ 529440/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 ലൈഫ് ഭവനപദ്ധതി - നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവനപദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായികാണുന്നു

| ക്രമ നം | പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | മെറീന സുകുമാരൻ,പുലിയള്ളിൽ | 40000 | 14.8.18 |
| 2 | കുട്ടിപ്പെണ്ണ്മാധവൻ ,കല്ലുഴത്തിൽ | 40000 | 23.2.19 |
| | | 160000 | 08.5.19 |
| 3 | രാജമ്മ ഷാജൻ ,കരോട്ടുപാലായിൽ | 40000 | 04.8.21 |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 26/07/2022-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 27/01/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത

വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം- 3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1,498,241/- രൂപയും 1.5 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് നേരിട്ട് ലഭിച്ചതും ഉൾപ്പടെ ആകെ ജില്ലാ പഞ്ചായത്ത് വിഹിതം 1,648,241/- രൂപ ലഭിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2,602,620/- പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. ജില്ലാ-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 2021-22 | 117,620/- | പാലിയേറ്റീവ് കെയർ യൂണിറ്റ്(80/22) | 117,620/- | 0 |
| | 2021-22 | 400,000/- | ലൈഫ് മിഷൻ മൂന്നാം ഘട്ടം-ജനറൽ(86/22) | 400,000/- | 0 |
| | 2021-22 | 410,000/- | ലൈഫ് മിഷൻ രണ്ടാം ഘട്ടം-ജനറൽ(83/22) | 410,000/- | 0 |
| | 2021-22 | 720,000/- | ലൈഫ് മിഷൻ രണ്ടാം ഘട്ടം-എസ്.സി.പി.(90/22) | 720,000/- | 0 |
| | 2021-22 | 160,000/- | ലൈഫ് മിഷൻ രണ്ടാം ഘട്ടം-ടി.എസ്.പി.(167/22) | 160,000/- | 0 |
| | 2021-22 | 40,000/- | ലൈഫ് മിഷൻ രണ്ടാം ഘട്ടം-എസ്.സി.പി.(165/22) | 40,000/- | 0 |
| | 2021-22 | 300,000/- | അങ്കണവാടി പോഷകാഹാരം (1/22) | 300,000/- | 0 |
| | 2021-22 | 225,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(4/22) | 225,000/- | 0 |
| | 2021-22 | 230,000/- | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ്(46/22) | 230,000/- | 0 |
| | ആകെ | 2,602,620/- | ആകെ ബ്ലോക്ക് | 2,602,620/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിഹിതം 2021-22 | | |
| കോട്ടയം ജില്ല പഞ്ചായത്ത് | 2021-22 | 150,000/- | പാലിയേറ്റീവ് കെയർ യൂണിറ്റ്(80/22) | 150,000/- | 0 |
| | 2021-22 | 420,000/- | ലൈഫ് മിഷൻ രണ്ടാം ഘട്ടം-ജനറൽ(83/22) | 420,000/- | 0 |
| | 2021-22 | 480,000/- | ലൈഫ് മിഷൻ രണ്ടാം ഘട്ടം-എസ്.സി.പി.(90/22) | 480,000/- | 0 |
| | 2021-22 | 98,241/- | ലൈഫ് മിഷൻ രണ്ടാം ഘട്ടം-ടി.എസ്.പി.(238/22) | 98,241/- | 0 |
| | 2021-22 | 300,000/- | അങ്കണവാടി പോഷകാഹാരം (1/22) | 300,000/- | 0 |
| | 2021-22 | 200,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(4/22) | 200,000/- | 0 |
| | ആകെ | 1,648,241/- | ജില്ല പഞ്ചായത്ത് വിഹിതം | 1,648,241/- | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ച 4/22 നം. പ്രോജക്ടിൽ 2.25 ലക്ഷം രൂപയിൽ 75,000/- രൂപയുടെ ചെലവ് തുക പ്രോജക്ട് മാപ്പിങ്ങ് മുഖേന ലഭിച്ചത് റസീറ്റ് & പേമെന്റ് പത്രികയിൽ വരവായി പ്രതിഫലിച്ചിട്ടില്ല. ബ്ലോക്ക് വിഹിതം 2,602,620/- രൂപ വരവിൽ 75,000/- രൂപ ഒഴികെ 2,527,620/- രൂപയാണ് റസീറ്റ് & പേമെന്റ് പത്രിക RP-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് KSEB യിൽ 2,389,735/- രൂപയും ഭൂജല വകുപ്പിൽ 529,440/- രൂപയും മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ(131/22) | 2,389,735/- | 2,389,735/- | ഇല്ല |
| ഭൂജല വകുപ്പ് | ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് സമുച്ചയത്തിന് കുഴൽക്കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും (215/22) | 198,440/- | ഇല്ല | 198,440/- |
| | പത്താം വാർഡിൽ കുഴൽക്കിണർ | 100,000/- | ഇല്ല | 100,000/- |

| | | | | |
|---|---|---|---|---|
| | നിർമ്മാണം(192/22) | | | |
| | കുഴൽക്കിണർ മെയിന്റനൻസ്(111/22) | 231,000/- | ഇല്ല | 231,000/- |
| ആകെ | | 2,919,175/- | 2,389,735/- | 529,440/- |

131/22 നം. പ്രോജക്ടിന് 2021-22 സാമ്പത്തിക വർഷത്തിനു ശേഷമാണ് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്. പ്രോജക്ട് നം.111/22 പ്രകാരം ഭൂജല വകുപ്പിൽ നിക്ഷേപിച്ച 2.31 ലക്ഷം രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500204 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ 31/03/2022 ലെ ബാലൻസ് ഷീറ്റിൽ ഭൂജല വകുപ്പിലെ നിക്ഷേപ തുക പ്രതിഫലിക്കുന്നില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 26,925,333/- | ഇല്ല | 3,197,333/- | - | 23,728,000/- |

വികസന ഫണ്ട്(General), വികസന ഫണ്ട്(SCSP) എന്നീ ഫണ്ടുകളുടെ 2021-22 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 2,695,629/- രൂപ, 501,704/- രൂപ എന്നിങ്ങനെ ആകെ 3,197,333/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. 2021-ലെ മഹാപ്രളയത്തിൽ രജിസ്റ്റർ നഷ്ടപ്പെട്ടതിനാൽ 2021-22 വർഷം മുതലുള്ള പുതിയ KURDFC ലോൺ രജിസ്റ്ററാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ നിലവിലുണ്ടെങ്കിലും ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക

വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 3-1 | 2018-19 | കോട്ടയം ജില്ല-5 | നിയമവും ചട്ടവും ലംഘിച്ച് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 77,113,232/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63,530,607/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,547,951/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-19 | 9,58,457- | ഇ. എസ്. കൃഷ്ണകുമാർ, സെക്രട്ടറി |
| 1-22 | 60,054/- | അജീഷ് കെ. ജി., അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) |
| 1-25 | 5,29,440/- | ഇ. എസ്. കൃഷ്ണകുമാർ, സെക്രട്ടറി |
| ആകെ | 1,547,951/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.1-16, 1-18

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/01/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1863/2022 /25.08.2022 | - |
| 1998-99(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11-537/2017 /19.12.2017 | 1 |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1863/2022 /25.08.2022 | - |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി9-1384/2007 /06.07.2007 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/7/2022 /25.08.2022 | - |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1085/2022 /25.08.2022 | - |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1089/2022 /25.08.2022 | - |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1154/2022 /25.08.2022 | - |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1425(1)/2022 /25.08.2022 | - |

| | | |
|---|---|---|
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1428/2022 /25.08.2022 | - |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/942/2022 /25.08.2022 | 2 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/877/2022 /25.08.2022 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി11/80 /2019/31.08.2019 /04.10.2019 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/879/2022 /25.08.2022 | 3 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1083/2019 /14.10.2019 /02.11.2019 | 14 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/1017/2019 /15.02.2020 /24.03.2020 | 16 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി11/1188/2021 /24.09.2021 | 29 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി11/1189/2021 /30.09.2021 | 39 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്